ഖുത്ബ
7.5.2004
ബൈത്തുൽ ഫുത്തൂഹ്
ലണ്ടൻ

# ഐഹികാഢംബരങ്ങളുടെ പിന്നാലെ പോയി ദുനിയാവിന്റെ കീടങ്ങളാകാതിരിക്കുക.

اَلْمَالُ وَالْبَنُوْنَ زِيْنَةُ الْحَيٰوةِ الدُّنْيَا وَالْبٰقِيٰتُ الصّٰلِحٰتُ خَيْرٌ عِنْدَ رَبِّكَ ثَوَابًا وَّخَيْرٌ اَمَلًا

***"സമ്പത്തും സന്തതികളും ഇഹലോക ജീവിതത്തിന്റെ അലങ്കാരമാണ്. എന്നാൽ, നിലനിൽക്കുന്ന സൽക്കർമങ്ങൾ നിന്റെ നാഥന്റെ പക്കൽ പ്രതിഫലത്തിന്റെ വീക്ഷണത്തിൽ ഏറ്റവും ഉത്തമവും പ്രത്യാശയുടെ വീക്ഷണത്തിൽ ഏറ്റവും ഗുണകരവുമാണ്." (18:47)***

സമ്പത്തും ധനവും വസ്തുവകകളും ഫാക്ടറികളും ആയിരക്കണക്കിന് ഏക്കറിൽ വ്യാപിച്ചു നിൽക്കുന്ന വലിയ വലിയ ഫാമുകളും (അതിൽ അതിന്റെ ഉടമ അന്തസ്സോടെ ചുറ്റിക്കറങ്ങുകയും സാധാരണക്കാരനും മറ്റുള്ളവരും തന്നെക്കാൾ താഴ്ന്നവരാണെന്ന് അയാൾ മനസ്സിലാക്കുകയും ചെയ്യുന്നു). എല്ലാം ഭൗതികജീവിതം ലക്ഷ്യമാക്കിജീവിക്കുന്ന ഒരാളുടെ മനസ്സിൽ വലിപ്പത്തം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നതായി പൊതുവെ ഗണിക്കപ്പെടുന്നു; അയാളെ സഹായിക്കുന്ന അയാളുടെ മക്കളും വേലക്കാരും ജോലിക്കാരുമെല്ലാം അയാളുടെ മനസ്സിൽ വലിപ്പത്തം ഉണ്ടാക്കികൊണ്ടിരിക്കുന്നതായി ഗണിക്കപ്പെടുന്നു. ഇതെല്ലാം കിട്ടിയാൽ ലൗകികജീവിതം ആഗ്രഹിക്കുന്നവന് സർവ്വവും കിട്ടി. അതാണ് അവന്റെ ജീവിതലക്ഷ്യം. അത് അവൻ നേടി. ഇക്കാരണത്താൽ ലൗകൻ അല്ലാഹുവിനോടുള്ള കടമകൾ മറന്നുപോകുന്നു. അവനെ ആരാധിക്കുന്നതിലേക്ക് അയാൾക്ക് ഒരു ശ്രദ്ധയും ഉണ്ടായിരിക്കുകയില്ല. അതെല്ലാം തന്റെ സ്വന്തം കഴിവ് കൊണ്ട് നേടിയെടുത്തതാണെന്ന് അയാൾ കരുതുന്നു. അല്ലാഹുവിന്റെ അനുഗ്രഹമാണ് അതെന്ന് തോന്നിപ്പിക്കുന്ന ഒന്നും അയാളുടെ മനസ്സിലുണ്ടാകുകയില്ല. സമസൃഷ്ടികളോടുള്ള കടമ നിറവേറ്റുന്നതിലേക്ക് അയാൾക്ക് അൽപ്പം പോലും ശ്രദ്ധഉണ്ടാകുകയില്ല. തന്റെ ജോലിക്കാരുടെയും വേലക്കാരുടെയും സന്തോഷവും ദു:ഖവും രോഗവുമൊന്നും അയാൾക്ക് പ്രശ്നമല്ല. ഇതിനെല്ലാകാരണം അയാളുടെ മനസ്സിൽ ദുനിയാവ് നിറഞ്ഞുനിൽക്കുന്നതാണ്. ഒരു ലൗകികന് ശയ്ത്വാൻ ഈ ലോകത്തിന്റെ സൗന്ദര്യവും ഭംഗിയും കൂടുതൽ മാറ്റുകൂട്ടിക്കാണിക്കുന്നു. അവശേഷിക്കുന്നവസ്തു സൽക്കർമ്മമാണെന്ന് അല്ലാഹു പറയുന്നു. അല്ലാഹുവിനോടുള്ളഭയമാണ്. അവനുവേണ്ടി അനുഷ്ടിക്കുന്ന ആരാധനയാണ്. അതുകൊണ്ട് നിങ്ങൾ അവന്റെ തൃപ്തി നേടാനാഗ്രഹിക്കുന്നെങ്കിൽ അവന്റെ ആരാധകരായി ത്തീരുക. ഈ ദുനിയാവ് ചില ദിവസങ്ങൾമാത്രമാണ്. കൂടിയാൽ നൂറുവർഷം ഒരാൾ ജീവിച്ചിരിക്കും. അതിനുശേഷം മരിച്ച് അല്ലാഹുവിന്റെ സന്നിധിയിൽ ഹാജരാവണം. അതുകൊണ്ട് ദുനിയാവിൽ സമ്പത്ത് സ്വരുകൂട്ടുന്നതിനുപകരം പരലോകത്തേക്കുവേണ്ടി സ്വത്തുസമ്പാദിക്കുക. ഈ ചിന്താഗതി ഉണ്ടാക്കുകയാണെങ്കിൽ ഇതേ ധനവും സമ്പത്തും സന്തതികളും വിശാലമായ തൊഴിലുകളും നിങ്ങൾക്ക് ഉത്തമമായ ഒരു ദ്രവ്യമായി തീരും. കാരണം തന്റെ ധനത്തോടും സമ്പത്തോടുമൊപ്പം ആരാണോ ദീനിനും, രാജ്യത്തിനും, തന്റെ ജനത്തിനും, മനുഷ്യകുലത്തിനും വേണ്ടി സേവനം ചെയ്യുന്നത് അവൻ തന്റെ രക്ഷിതാവിൽ നിന്ന് ഉത്തമമായ വസ്തു കരസ്തമാക്കിയെന്ന് മനസ്സിലാക്കികൊള്ളട്ടെ. മരണത്തിനുശേഷവും പ്രയോജനപ്പെടുന്ന വസ്തു അവൻ കരസ്ഥമാക്കിയിരിക്കുന്നു. ഈ ഉദ്ദേശ്യത്തോടെ മക്കളെ വളർത്തിയാൽ, ലോകർ നിങ്ങളെ അഭിനന്ദിക്കുമെന്ന് മാത്രമല്ല മറിച്ച് നിങ്ങളുടെ പൂർവ്വപിതാക്കൾക്കുവേണ്ടിയും ദുആ ചെയ്യുന്നതായിരിക്കും. നിങ്ങൾക്കുവേണ്ടിയും നിങ്ങളുടെ മക്കൾക്കുവേണ്ടിയും ദുആ ചെയ്യും. ഇതുമുഖേന നിങ്ങളുടെ നന്മയിലും വർദ്ധനവുണ്ടായികൊണ്ടിരിക്കും. നിങ്ങളുടെ പരലോകം കൂടുതൽ പുഷ്ടിപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യും. ഈ ചിന്തയും പരിശ്രമവുമായിരിക്കണം ഓരോ മുഅ്മിനും ഉണ്ടായിരിക്കേണ്ടത്. സ്വന്തം ചിന്തമാത്രമല്ല, മക്കളെ കുറിച്ചുള്ള ചിന്തയും ഉണ്ടായിരിക്കേണ്ടതാണ്. ദുനിയാവ് സമ്പാദിക്കണം എന്ന ചിന്തയുണ്ടായിരിക്കണം. എന്നാൽ ദുനിയാവ് മാത്രമായിരിക്കരുത് നിങ്ങളുടെ ലക്ഷ്യം. മറിച്ച് അല്ലാഹുവിനോടും അവന്റെ അടിയാറുകളോടുമുള്ള കടമ നിറവേറ്റേണ്ട ഘട്ടം വരുമ്പോൾ ദുനിയാവിനേട് ആഗ്രഹമുണ്ടാകാനേപാടില്ല.

ഹസ്റത്ത് മുസ്‌ലിഹ് മൗഊദ് ഖലീഫത്തുൽ മസീഹ് രണ്ടാമൻ (റ) ഈ വചനത്തിന്നെഴുതിയ വ്യാഖ്യാനത്തിൽ പറയുന്നു:

സമ്പത്തും സന്തതികളും ഇഹലോക ജീവിതത്തിന്റെ അലങ്കാരമാണെന്ന് ഈ വചനത്തിൽ പറഞ്ഞിരിക്കുന്നു. എന്നാൽ അവയെ ശരിയായനിലയിൽ ഉപയോഗിക്കുകയാണെങ്കിൽ, അതായത് മതപരമായകാര്യത്തിന് ധനം ചെലവഴിക്കുകയും മതപരമായ സേവനത്തിന് സന്താനങ്ങളെ വിടുകയും ചെയ്താൽ അല്ലാഹു തആലാ അവർക്കും ശാശ്വതത്വം നൽകുന്നു. പണം ചെലവഴിഞ്ഞു പോകുന്നു. എന്നാൽ, അതിന്റെ സൽഫലം അവശേഷിക്കുന്നു. മക്കൾ മരിച്ചുപോകുന്നു, പക്ഷെ അവരെകുറിച്ചുള്ള നല്ല സ്മരണ നിലനിൽക്കുന്നു. അവർ കാരണത്താൽ അവരുടെ മാതാപിതാക്കളെ കുറിച്ചുള്ള നല്ല സ്മരണയും നിലനിൽക്കുന്നു.

***'അൽബാഖിയാത്തു സ്സാലിഹാത്തു കുല്ലു അമലിൻ സ്സാലിഹിൻ.'*** നല്ലതും പുണ്യവുമായ കർമത്തിനാണ് നിലനിൽക്കുന്ന സൽക്കർമ്മങ്ങൾ- ***ബാഖിയാത്തു സ്സാലിഹാത്ത്*** എന്നു പറയുന്നത്.

***'ഖയ്റുൽ ഇൻദ റബ്ബിക്ക ഥവാബൻവ ഖയ്റുൽ അമലാ'*** ഇതിൽ രണ്ടർത്ഥമുണ്ട്. സൽകർമ്മത്തിന് ലോകത്ത് സൽഫലമുളവാകുന്നു. അതിനെ സംബന്ധിച്ച് തുടർന്നും സൽപ്രതീക്ഷകൾ ഉണ്ടാകും. അതായത് ***'ഥവാബൻ'*** എന്നു പറഞ്ഞത് ഇഹലോകത്തുണ്ടാകുന്ന ഫലത്തെ സംബന്ധിച്ചാണ്. ***'അമലൻ'*** പരലോകരത്ത സംബന്ധിച്ചും. ***'ഥവാബൻ'*** എന്നതുകൊണ്ടുള്ള ഉദ്ദേശ്യം സ്വയം ആ കർമ്മം ചെയ്യുന്നവന് ഉത്തമമായ ഫലങ്ങൾ ഉണ്ടാക്കുക എന്നതാണ്. ***'അമലൻ'*** എന്നതുകൊണ്ടുള്ള ഉദ്ദേശ്യം വരും തലമുറയ്ക്കുവേണ്ടി ഉത്തമമായ പ്രതീക്ഷകളു ണ്ടാക്കുക എന്നതാണ്. പറഞ്ഞതിന്റെ താത്പര്യം സൽകർമ്മത്തിന്റെ ഫലം നിങ്ങൾക്കും സൽഫലം കിട്ടും നിങ്ങളുടെ മക്കൾക്കും സൽഫലം കിട്ടും. എന്തുകൊണ്ടെന്നാൽ പുണ്യവാന്റെ മക്കൾക്കും ഗുണം ചെയ്യുക എന്നത് അല്ലാഹുവിന്റെ നടപടിക്രമമാണ്.

എന്നാൽ, മനുഷ്യൻ നന്മയിലേക്ക് ചായുകയും ദുനിയാവിൽ നിന്ന് മുഖം തിരിക്കാനും തന്റെ ധനം മതപരമായ കാര്യത്തിനും സമസൃഷ്ടി സേവനത്തിനുമായി വിനിയോഗിക്കാനും ശ്രമിക്കുമ്പോൾ ശയ്ത്വാനും തന്റെ പ്രവൃത്തികാണിക്കുന്നു. അവനെ സൽകർമ്മങ്ങളിൽനിന്ന് തടയുകയും വിവിധതരത്തിലുള്ള അതിമോഹവും അത്യാർത്തിയും കൊടുത്ത് അതിനായി പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. സത്യവിശ്വാസി അല്ലാഹുവിന്റെ തിരുസന്നിധിയിൽ കുമ്പിടുകയോ അവനിൽ നിന്ന് അവന്റെ അനുഗ്രഹം തേടുകയോ (കാരണം നന്മ ചെയ്യാനുള്ള സൗഭാഗ്യവും അല്ലാഹുവിൽ നിന്നാണ് ലഭിക്കുന്നത്) ചെയ്യുന്നില്ലെങ്കിൽ ശയ്ത്വാനിൽ നിന്ന് രക്ഷപ്പെടാൻ മറ്റുമാർഗ്ഗങ്ങളൊന്നുമില്ല. ശയ്ത്വാനിൽ നിന്ന് രക്ഷപ്പെടാനുള്ള മാർഗ്ഗം അല്ലാഹുവിന്റെ സന്നിധിയിൽ കുമ്പിടുകയും അവനിൽ നിന്ന് അനുഗ്രഹം തേടുകയും ചെയ്യുക എന്നതാണ്. അല്ലാഹു തആലാ ഓരോ ചുവടിലും ശയ്ത്വാന്റെ ഉപദ്രവങ്ങളിൽനിന്ന് നമ്മെ രക്ഷിക്കുവാൻ ദുആ ചെയ്തുകൊണ്ടിരിക്കുക. കാരണം ശയ്ത്വാനിൽ നിന്ന് രക്ഷപ്പെടാൻ അല്ലാഹുവിന്റെ അഭയത്തിൻ കീഴിൽ വരുന്നില്ലെങ്കിൽ, ശയ്ത്വാൻ തന്റെ വിജയകരമായ ആക്രമണം നടത്തികൊണ്ടേയിരിക്കും. നിങ്ങളുടെ ധനം നിങ്ങളുടേതാണെന്നും, ദീനിനും മറ്റുമനുഷ്യർക്കും വേണ്ടി അതു ചെലവഴിക്കേണ്ട ആവശ്യമെന്താണെന്നുമുള്ള ചിന്താഗതി നിങ്ങളിൽ ഇട്ടുകൊണ്ടേയിരിക്കും. ശയ്ത്വാൻ അത്തരം ആക്രമണം നടത്തുമ്പോൾ അവന്റെ വലയിൽ കുടുങ്ങിപോകരുതെന്ന് അല്ലാഹു മറ്റൊരുസ്ഥലത്ത് പറയുന്നുണ്ട്. അവന്റെ വലയിൽ കുടുങ്ങിപോയാൽ നിങ്ങൾ വഞ്ചിക്കപ്പെട്ടുകൊണ്ടേയിരിക്കും. അതുകൊണ്ട് ശയ്ത്വാനിൽ നിന്ന് എപ്പോഴും രക്ഷപ്പെട്ടുകൊണ്ടിരിക്കേണ്ടതാണ്.

അല്ലാഹു പറയുന്നു:

يَٰٓأَيُّهَا ٱلنَّاسُ إِنَّ وَعْدَ ٱللَّهِ حَقٌّ فَلَا تَغُرَّنَّكُمُ
ٱلْحَيَوٰةُ ٱلدُّنْيَا ۖ وَلَا يَغُرَّنَّكُم بِٱللَّهِ ٱلْغَرُورُ ⑥

***മനുഷ്യരേ, തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനം സത്യമാണ്. അതുകൊണ്ട് ഐഹികജീവിതം നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ. ആ പരമവഞ്ചകനും (ശയ്ത്വാൻ) അല്ലാഹുവിന്റെ കാര്യത്തിൽ നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ. (35:6)***

പറഞ്ഞു: ഓർമ്മിച്ചുകൊള്ളുക. അല്ലാഹുവിന്റെ വാഗ്ദാനം സത്യമാണ്. ശയ്ത്വാന്റെ പിന്നാലെ കൂടുന്നവരെ അവൻ പിടിക്കുകതന്നെചെയ്യും. അവനിൽ നിന്ന് രക്ഷപ്പെടാൻ ആഗ്രഹിക്കുന്നവർക്ക് തീർച്ചയായും അല്ലാഹു അഭയം നൽകുന്നതുമാണ്. അതുകൊണ്ട് അല്ലാഹുവിന്റെ സന്നിധിയിൽ കുമ്പിട്ടുകൊണ്ടിരിക്കേണ്ടതും ശയ്ത്വാന്റെ വഞ്ചനയിൽ അകപ്പെടാതിരിക്കേണ്ടതും നിങ്ങളുടെ കടമയാണ്. നിങ്ങളുടെ ധനത്തിന്റെയും സ്ഥാനത്തിന്റെയും അല്ലെങ്കിൽ കുടുബത്തിന്റെയും വലിപ്പത്തവും അതിന്റെ തിളക്കവും കാണിച്ച് ശയ്ത്വാൻ നിങ്ങളെ സൽകർമ്മങ്ങളിൽ നിന്ന് തടയാനിടയുണ്ട്. നിങ്ങുടെ മനസ്സുകളിൽ ദുർബോധനമിടുകയും ചെയ്യാം. ഭാരവാഹികൾക്കും ജമാഅത്ത് വ്യവസ്ഥിതിക്കുമെതിരെ നിങ്ങളുടെ മനസ്സിൽ അനുസരണക്കേടോ വഞ്ചനയോ ഉണ്ടാക്കാം. അതുകൊണ്ട് എത്രത്തോളം പദവിയും ധനവും അല്ലാഹു നിങ്ങൾക്കുതരുന്നുവോ അത്രത്തോളം നിങ്ങൾ അവന്റെ മുമ്പിൽ കുനിയുക. ശയ്ത്വാനിൽ നിന്ന് രക്ഷപ്പെടുന്നതിൽ അവനോട് അഭയം തേടുക. ഇല്ലെങ്കിൽ ശയ്ത്വാൻ തന്റെ വഞ്ചനയിൽ നിങ്ങളെ അകപ്പെടുത്തുന്നതാണ്.

അങ്ങനെ നിങ്ങളുടെ ദുനിയാവും ആഖിറത്തും നഷ്ടപ്പെട്ടു പോകുകയും ചെയ്യും.

ശയ്ത്വാന്റെ കൈകളിൽ അകപ്പെടുന്നവരേയും ഭൗതീകതയിൽ മാത്രം ദൃഷ്ടി വയ്ക്കുന്നവരേയും സംബന്ധിച്ച് ***തക്കാസുർ*** എന്ന അദ്ധ്യായത്തിൽ അല്ലാഹു വിവരിക്കുന്നുണ്ട്.

أَلْهَاكُمُ التَّكَاثُرُ ۝ حَتَّىٰ زُرْتُمُ الْمَقَابِرَ ۝ كَلَّا سَوْفَ تَعْلَمُونَ ۝
ثُمَّ كَلَّا سَوْفَ تَعْلَمُونَ ۝ كَلَّا لَوْ تَعْلَمُونَ عِلْمَ الْيَقِينِ ۝

***(ഭൗതീകനേട്ടങ്ങളുടെ) വർദ്ധനവിനു വേണ്ടിയുള്ള പരസ്പര മാത്സര്യം നിങ്ങളെ (അല്ലാഹുവിൽനിന്ന്) അശ്രദ്ധരാക്കിയിരിക്കുന്നു. നിങ്ങൾ ശ്മശാനങ്ങൾ സന്ദർശിക്കുവോളം. ശ്രദ്ധിച്ചു കേൾക്കുക, തീർച്ചയായും നിങ്ങളറിയും. ശ്രദ്ധിച്ചുകേൾക്കുക. നിങ്ങൾ ദൃഢമായി അറിയുന്ന പക്ഷം. (102:2-6)***

ഈ വചനങ്ങൾക്ക് ഹസ്റത്ത് മുസ്ലിഹ് മൗഊദ് ഖലീഫത്തുൽ മസീഹ് രണ്ടാമൻ(റ) വിവിധ വശങ്ങളിലൂടെ വിശദീകരണം നൽകിയിട്ടുണ്ട്. അതിൽ നിന്ന് അൽപ്പം ഞാൻകേൾപ്പിക്കുന്നതാണ്. ഈ ആധിക്യവും അഹങ്കാരവും പൊങ്ങച്ചവും ഭരണാധികാരികളിലും വലിയ സംഘങ്ങളിലും മാത്രമേ ഉണ്ടാകൂ എന്നില്ല. ഓരോരുത്തരുടെയും വൃത്തങ്ങളിൽ ഇത്തരം കാര്യങ്ങൾ ചെയ്യുന്നവർ ആരായാലും അവരെല്ലാം ഇതിൽ പെടുന്നതാണ്. ഹസ്റത്ത് മുസ്ലിഹ് മൗഊദ് (റ) പറയുന്നു:

ഒന്നാമതായി മനുഷ്യർക്കിടയിൽ അവയ്ക്കെതിരിൽ പ്രതികരണം ഉണ്ടാകുന്നു. ഇതിനുകാരണം വർദ്ധനവിനുവേണ്ടിയുള്ള പരസ്പര മാത്സര്യത്തിന്റെ ഫലമായി അഹങ്കാരമുണ്ടാകുന്നു എന്നതാണ്. അഹങ്കാരത്തിന്റെ ഫലമായി കൊള്ളയും അക്രമവും ഉണ്ടാകുന്നു. അവസാനം മനുഷ്യരിൽ അവയ്ക്കെതിരെ കോപം ജ്വലിച്ചുയരുകയും അവർ ഭരണകൂടത്തെ നശിപ്പിക്കാൻ അണിനിരക്കുകയും ചെയ്യുന്നു.

(അല്ലെങ്കിൽ തങ്ങളുടെ ചുറ്റുപാടിൽ അക്രമം പ്രവർത്തിക്കുന്ന ആരായാലും അതിനെതിരെ ജനങ്ങൾ എഴുന്നേൽക്കും)

രണ്ട്, ചിലപ്പോൾ ആരിലും അവയ്ക്കെതിരെ പ്രതികരണമുണ്ടാകുകയില്ല. പക്ഷെ അവരുടെ സ്വന്തം മക്കൾ അവരുടെ സംമ്പാദ്യം ഉപയോഗിച്ച് സുഖലോലുപന്മരായിത്തീരുന്നു. ഇപ്രകാരം അവരുടെ കുടുംബത്തിനുള്ളിൽ അധ:പതനം ഉണ്ടാകാൻ തുടങ്ങുന്നു. പിതാവിന്റെയും പിതാമഹന്റെയും സ്വത്തുവകകൾ സൗജന്യമായിട്ടാണ് അവരുടെ കൈയ്യിൽ കിട്ടിയിരിക്കുന്നത്. അതുകൊണ്ട് സുഖാഢംബരങ്ങളിലകപ്പെട്ട് എല്ലാം അവർ നശിപ്പിച്ചുകളയുന്നു. വലിയവലിയ രാജാക്കന്മാരായിരിക്കും. പക്ഷെ, സുഖാഢംഭരങ്ങളിൽ മുങ്ങിപോയകാരണത്താൽ അവരുടെ അവസ്ഥ അങ്ങേയറ്റം മോശമായിത്തീരുന്നു. ദുർനടത്തക്കാരി കളുമായിട്ടുള്ള സഹവാസവും മദ്യപാനവും കൊണ്ട് ഭരണകാര്യങ്ങളിൽ അവർക്ക് ശ്രദ്ധയുണ്ടാകുകയില്ല. അതിന്റെ ഫലമായി അവർ നശിച്ചൊടുങ്ങുകയും അവരുടെ ഭരണം സമ്പന്നരുടെ ഇടയിൽ വീതിക്കപ്പെടുകയും ചെയ്യുന്നു.

ആ സമ്പന്നന്മാരും അത്തരം ദോഷങ്ങളിൽ അകപ്പെടാൻ അവരുടെ മക്കളും അങ്ങനെ പ്രവർത്തിച്ച് നാശമടയുന്നതാണ്.

മൂന്ന്, ഇല്ലെങ്കിൽ ആ ജനത അല്ലാഹുവുമായിട്ട് ഏറ്റുമുട്ടുന്നു. അതായത് ഭൗതീകമായനിലയിൽ നാശമുണ്ടാകുകയില്ല. പക്ഷെ, അല്ലാഹുവിന്റെ ശിക്ഷ ഇറങ്ങി ആ ജനതയെ തികച്ചും നശിപ്പിച്ചുകളയുന്നു.

ചുരുക്കത്തിൽ ഒരു ജനതയുടെ വർദ്ധനവിനു വേണ്ടിയുള്ള പരസ്പര മത്സരത്തിന്റെ ഫലമായി ***'സുർതുമുൽ മഖാബിർ'*** ശ്മശാനത്തിൽ സന്ദർശിക്കുന്ന അവസ്ഥവരെ എത്തുമ്പോൾ, അവരിൽ ഈ മൂന്നു അവസ്ഥകളിലൊന്ന് തീർച്ചയായും ഉണ്ടാകുന്നു. ഒന്നുകിൽ പ്രജകളിൽ അതിന്റെ പ്രതികരണമുണ്ടാകുകയും അവർ തങ്ങളുടെ ഭരണാധികാരികളെ നശിപ്പിക്കുകയും ചെയ്യും. ഇല്ലെങ്കിൽ ആഭ്യന്തരപരമായ നിലയിൽ ഭരണാധികാരികളിൽ അധ:പതനമുണ്ടാകുകയും തന്നത്താൻ അവർ തങ്ങളെ നശിപ്പിക്കുകയും ചെയ്യും. ഇതൊന്നുമല്ലെങ്കിൽ ദൈവീക കോപമിറങ്ങി അവരെ നശിപ്പിക്കുന്നതാണ്.

ധനപരമായ കാര്യങ്ങളിൽ ആർത്തികാണിക്കാതിരിക്കുന്നതിനേയും അല്ലാഹുവിലേക്ക് കുനിയുന്നതിനേയുംകുറിച്ച് പ്രതിപാദിക്കുന്ന ചില ഹദീസുകൾ ഇനി കേൾപ്പിക്കാം ലൗകീകതയിൽ മാത്രം തന്റെ ഉമ്മത്ത് അകപ്പെട്ടുപോകുമോ എന്നചിന്ത നബി (സ) തിരുമേനിക്കുണ്ടായിരുന്നു. നബി(സ) തിരുമേനി പറയുന്നു:

എന്റെ ഉമ്മത്തിനെകുറിച്ച് ഏറ്റവും അധികം ഞാൻ ഭയപ്പെടുന്നത് എന്റെ ഉമ്മത്ത് ശരീരേച്ഛകളെ പിന്തുടരുകയും ഭൗതീകനേട്ടങ്ങൾക്കായി വലിയ വലിയ പദ്ധതികൾ ആസൂത്രണം ചെയ്യാൻ തുടങ്ങുകയും ചെയ്യുമോ എന്നാണ്. ശരീരേച്ഛയ്ക്ക് വിധേയരായുള്ള അവരുടെ ജീവിതത്തിന്റെ ഫലം, അവർ സത്യത്തിൽനിന്ന് ദൂരത്തു പോയി വീഴുക എന്നതായിരിക്കും. ദുനിയാവ് സമ്പാദിക്കാനുള്ള അവരുടെ പദ്ധതി അവരെ പരലോകചിന്തയിൽനിന്ന് അശ്രദ്ധരാക്കും. ജനങ്ങളെ, ഈ ലോകം അതിന്റെ പാഥേയം കെട്ടിയെടുത്തു കഴിഞ്ഞിരിക്കുന്നു. അത് യാത്ര പൊയ്ക്കൊണ്ടിരിക്കുകയാണ്. പരലോകവും വരുന്നതിനുവേണ്ടി തയ്യാറായികഴിഞ്ഞു. ഇവരണ്ടിനും കുറച്ചു ആളുകളുണ്ട്. ദുനിയാവിന്റെ ആളുകളായിത്തീരാതിരിക്കാൻ നിങ്ങൾക്ക് കഴിവുണ്ടെങ്കിൽ, തീർച്ചയായും അങ്ങനെചെയ്യുക. നിങ്ങൾ ഇപ്പോൾ കർമ്മത്തിന്റെ വീട്ടിലാണുള്ളത്.

കണക്കെടുപ്പിന്റെ സമയം ഇപ്പോൾ വന്നിട്ടില്ല. എന്നാൽ, നാളെ നിങ്ങൾ പരലോകത്തിന്റെ വീട്ടിലായിരിക്കും. അവിടെ ഒരു കർമ്മവും ചെയ്യാനുണ്ടായിരിക്കുകയില്ല.

ഇത് ഒരു മുന്നറിയിപ്പ് തന്നിരിക്കുകയാണ്. അല്ലാതെ കഴിവുണ്ടെങ്കിൽ ദുനിയാവിന്റെ ആളായി തീരാനല്ല പറയുന്നത്. ദുനിയാവ് സമ്പാദിക്കാനുള്ള തന്ത്രപ്പാടിൽ ദൈവത്തെ മറക്കാനുള്ള ശക്തി നിങ്ങളിലില്ല. നിങ്ങൾ ദൈവത്തെ മറന്നാൽ അവന്റെ ശിക്ഷ നിങ്ങൾക്ക് കിട്ടുകതന്നെചെയ്യും. ഇവിടെയല്ല, അടുത്തലോകത്ത് കിട്ടുന്നതാണ്. അല്ലാഹുവിന്റെ ശിക്ഷ സഹിക്കാൻ നിങ്ങൾക്കുകഴിയുമോ? എന്ന് ചിന്തിക്കുക ആലോചിക്കുക. അതായത് ശിക്ഷ സഹിക്കാൻ കഴിയുമെന്ന് നമ്മളിലാർക്കും പറയാനൊക്കുകയില്ല. പറഞ്ഞു: ജീവിതം കുറച്ചുനാളുകൾ മാത്രമാണ്. ഇതിൽ അല്ലാഹുവിന്റെ തൃപ്തിയും സന്തോഷവും കരസ്ഥമാക്കാൻ ശ്രമിക്കുക; അല്ലാഹുവിന്റെകോപത്തിൽ നിന്ന് രക്ഷപ്പെടാൻവേണ്ടി, അല്ലാഹു നമ്മെ അവന്റെ മുന്നിൽ കുനിയുന്നവനും അവന്റെ ഇഷ്ടമാർഗ്ഗത്തിൽ നടക്കുന്നവരുമാക്കി തീർക്കുമാറാകട്ടെ.

കഅ്ബുബ്നു ഇയാജ്(റ) വിൽ നിന്ന് നിവേദനം. റസൂൽ (സ) പറയുന്നത് ഞാൻ കേട്ടു: ***ഇന്ന ലികുല്ലി ഉമ്മത്തിൻ ഫിത്നത്തൻ, വ ഫിത്നത്തു ഉമ്മത്തീ അൽമാലു.***

"ഓരോ സമുദായത്തിനും ഓരോ പരീക്ഷണം നേരിട്ടിട്ടുണ്ട്. എന്നാൽ, എന്റെ ജനതയുടെ പരീക്ഷണത്തിന് നിദാനമായിട്ടുള്ളത് ധനമാണ്."

ഇക്കാലത്തും നമുക്കിതുകാണാം. മുസ്‌ലിംകളുടെ അവസ്ഥ എന്താണ്. ഓരോന്നു കേൾക്കുകയും കാണുകയും ചെയ്യുമ്പോൾ ലജ്ജ തോന്നുന്നു. ധനം സമ്പാദിക്കാനുള്ള അത്യാർത്തിയും അതിമോഹവും, അവരിൽ ദൈവഭയം തന്നെ ഇല്ലാതാക്കി. അളവിൽ കുറയ്ക്കുന്നു, തൂക്കത്തിൽ കുറയ്ക്കുന്നു. കച്ചവടത്തിൽ വഞ്ചന കാണിക്കുന്നു. കാണിക്കുന്നത് ഒന്ന്. കൊടുക്കുന്നത് മറ്റൊന്ന്. കാലക്കാറ്റേറ്റ് ചില അഹ്മദികളും ഇതിലകപ്പെടുന്നു. സ്വന്തക്കാരോടും അന്യരോടും വഞ്ചനകാണിക്കുന്നു. പിന്നീട് അന്യരുടെ മുന്നിൽ നാണം കെടേണ്ടിവരുന്നു. ആയിരക്കണക്കിനാളുകളിൽ ഒരു അഹ്മദി അത്തരക്കാരനായാൽ മതി, അഹ്മദിയ്യത്തിനെക്കുറിച്ച് നിലവിലുള്ള ഭാവനയ്ക്ക് അത് ക്ഷതമുണ്ടാക്കുന്നു. അത് വ്യക്തമായും പ്രത്യക്ഷപ്പെടുന്നു. ഇത്തരം കാര്യങ്ങളിൽ അകപ്പെട്ടവർക്ക് ശിക്ഷയും നൽകാറുണ്ട്. ബൈഅത്ത് ചെയ്ത ആളുടെ കാര്യം അല്ലാഹുവുമായിട്ടാണ്, അയാൾ മുഹമ്മദീമസീഹുമായിട്ട് ബൈഅത്തിന്റെ ഒരു ഉടമ്പടി ചെയ്തിട്ടുണ്ട്. എല്ലാതിന്മകളിൽനിന്നും രക്ഷപ്പെട്ടിരിക്കുമെന്ന് അനുസരണ പ്രതിജ്ഞ ചെയ്തിട്ടുണ്ട്. എന്നിട്ടും മേൽ പറഞ്ഞകാര്യങ്ങൾ ചെയ്താൽ, അയാൾ അഹ്മദിയായി ജമാഅത്തിലിരിക്കാൻ യോഗ്യനാണോ എന്ന് ഓരോ അഹ്മദിയും ചിന്തിക്കേണ്ടതാണ്. ഹസ്റത്ത് മസീഹ് മൗഊദ് (അ) അത്തരക്കാരനെക്കുറിച്ച് എഴുതിയിട്ടുള്ളത്, അവൻ ജമാഅത്തിൽ നിന്ന് മുറിക്കപ്പെടുമെന്നാണ്.

ഹസ്റത്ത് സഹ്ൽ (റ) നിവേദനം ചെയ്യുന്നു. ഒരാൾ നബ(സ)യുടെ സന്നിധിയിൽ വന്നുകൊണ്ടു പറഞ്ഞു: പ്രവാചകരേ! ഞാൻ പ്രവർത്തിച്ചാൽ അല്ലാഹുവും മനുഷ്യരും എന്നെ ഇഷ്ടപ്പെടുന്ന തരത്തിലുള്ള ഒരുകർമ്മം അങ്ങ് എനിക്ക് പഠിപ്പിച്ചുതന്നാലും. റസൂൽ(സ) പറഞ്ഞു: "ഐഹീകാഡംബരങ്ങളെ നീ കൈവെടിയുക. എന്നാൽ, അല്ലാഹു നിന്നെ ഇഷ്ടപ്പെടും. ജനങ്ങളുടെ പക്കലുള്ളത് നീ മോഹിക്കാതിരിക്കുക. എന്നാൽ, ജനങ്ങളും നിന്നെ തൃപ്തിപ്പെടും."

ഐഹീകാഡംബരങ്ങളെ കൈവെടിയുന്നതിനെ സംബന്ധിച്ച് നബി(സ) പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഓരോ സത്യവിശ്വാസിയും ആ നില പ്രാപിച്ചാൽ, ഉള്ളതുകൊണ്ട് തൃപ്തനാകുന്നതോടൊപ്പം ***സുഹദും*** (സ്വാത്മപരിത്യാഗവും) ലഭ്യമാകുന്നു. സത്യവിശ്വാസിയുടെ ***ഖനാഅത്ത്*** (ഉള്ളതിൽ തൃപ്തനാകുക എന്ന അവസ്ഥ) ***സുഹദു*** (സ്വാത്മപരിത്യാഗം)മായി ചേർന്നുകൊണ്ടാണ് ഉത്തമമായ നില കൈവരിക്കുന്നത്.

അവിടന്ന് പറയുന്നു: ഐഹീകാഡംബരങ്ങളെ കൈവെടിയലും സ്വാത്മപരിത്യാഗവും എന്നു പറയുന്നത് മനുഷ്യൻ എന്തെങ്കിലും ഹലാലായതിനെ ഹറാമാക്കുകയും ധനം നശിപ്പിക്കുകയും ചെയ്യുക എന്നതല്ല. ***സുഹ്ദ്*** എന്നുപറഞ്ഞാൽ, നിങ്ങൾക്ക് നിങ്ങളുടെ പണത്തേക്കാളധികം അല്ലാഹുവിന്റെ സമ്മാനങ്ങളിലും പൊറുക്കലിലും വിശ്വാസം ഉണ്ടായിരിക്കുക എന്നാതാണ്. നിങ്ങളിൽ ഒരു മുസീബത്തുവന്നാൽ, അതിന്റെ പ്രതിഫലം കിട്ടുന്നതിൽ നിങ്ങളുടെ ദൃഷ്ടി പതിയണം. നിങ്ങൾ പരീക്ഷണങ്ങളെ, പ്രതിഫലത്തിനുള്ള മാർഗ്ഗമായി മനസ്സിലാക്കുക.

നോക്കുക, ചിലയാളുകൾ ധനം നഷ്ടപ്പെടുമ്പോൾ വിഷമിക്കുന്നു. വാസ്തവത്തിൽ വ്യാപാരങ്ങളിൽ ലാഭവും നഷ്ടവുമുണ്ടാകുക പതിവാണ്. ചിലപ്പോൾ ശത്രുതയും ഉണ്ടാകും. ശയ്ത്വാന്റെ സ്വഭാവക്കാർ ചിലപ്പോൾ നഷ്ടവും ഉണ്ടാക്കും. അപ്പോൾ ***ഇന്നാലില്ലാഹ്*** ഓതികൊണ്ട് അല്ലാഹുവിൽ വിശ്വാസം അർപ്പിക്കേണ്ടതാണ്. അല്ലാഹുവിൽ തവക്കൽ ചെയ്യേണ്ടതാണ്. അവന്റെ മുമ്പിൽ കുനിയേണ്ടതാണ്. അല്ലാതെ കരഞ്ഞും കൂവിയും നടക്കുകയല്ലവേണ്ടത്. ഈ നിഅ്മത്ത് ആദ്യം എനിക്കുനൽകിയ അല്ലാഹുവിന് വീണ്ടും അത് നൽകാൻ കഴിയുമെന്ന ദൃഢവിശ്വാസമുണ്ടായിരിക്കേണ്ടതാണ്. അത് മുഖേന അല്ലാഹുവുമായിട്ടുള്ള ബന്ധം വർദ്ധിക്കേണ്ടതാണ്. ഈ ദൃഢവിശ്വാസത്തോടെ അല്ലാഹുമായി ബന്ധ

പ്പെട്ടാൽ അവൻ എപ്പോഴും അനുഗ്രഹിച്ചുകൊണ്ടിരിക്കും. വിവിധ കാലങ്ങളിൽ അഹ്മദികൾ ഈ കാഴ്ച കണ്ടിട്ടുള്ളതാണ്; പാക്കിസ്ഥാനിലും അതുപോലുള്ള മറ്റു സ്ഥലങ്ങളിലും, ലക്ഷക്കണക്കിന് രൂപയുടെ വ്യവസായങ്ങൾ കത്തിച്ചു ചാമ്പലാക്കി. പക്ഷെ, അവർ സഹനം കൈക്കൊണ്ട കാരണത്താൽ അല്ലാഹുവിൽ അവർക്ക് ദൃഢവിശ്വാസമുണ്ടായിരുന്നതിനാൽ, അതായത് ജമാഅത്ത് കാരണത്താൽ, അഹ്മദിയായ കാരണത്താലാണ് നഷ്ടമുണ്ടായത്. അതുകൊണ്ട് അല്ലാഹു തരികതന്നെ ചെയ്യുമെന്ന ദൃഢവിശ്വാസമുണ്ടായകാരണത്താൽ ആ ലക്ഷങ്ങളെ അല്ലാഹു കോടികളാക്കി അവർക്ക് നല്കി. ആയിരങ്ങളുടെ നഷ്ടമുണ്ടായെങ്കിൽ ലക്ഷക്കണക്കിന് അല്ലാഹു അവർക്ക് പകരം നല്കി. അല്ലാഹു തന്റെ ആളുകളോട് ഇങ്ങനെ ചെയ്തുകൊണ്ടേയിരിക്കും. നാം നമ്മുടെ ജീവിതത്തിൽ ഇത് കണ്ടുകൊണ്ടിരിക്കുകയും ചെയ്യും. അല്ലാഹുവിൽ അത്തരം ദൃഢവിശ്വാസം ഉണ്ടാക്കാൻ ഓരോ അഹ്മദിക്കും അല്ലാഹു തൗഫീഖ് നല്കുമാറാകട്ടെ.

ഹസ്റത്ത് സഹ്ല് (റ) വിൽ നിന്ന് നിവേദനം. നബി (സ) പറഞ്ഞു: ഇഹലോകം അല്ലാഹുവിങ്കൽ ഒരു കൊതുകുചിറകിന്റത്രയും വിലയുള്ളതാണെങ്കിൽ ധിക്കാരികൾക്ക് അതിൽ നിന്ന് ഒരു മുറുക്ക് വെള്ളം കൂടി കുടിപ്പിക്കുകയില്ലായിരുന്നു.

അത്രയും നിസാരമായതുകൊണ്ടാണ് ധിക്കാരികൾക്ക് അല്ലാഹു അതു പ്രദാനം ചെയ്യുന്നത്.

നമ്മളാണെങ്കിലോ ഐഹികനേട്ടങ്ങൾക്കായി ഖളായിലും പോലീസ്റ്റേഷനുകളിലും കച്ചേരികളിലും നമ്മുടെ ബന്ധുമിത്രാദികളെ വലിച്ചിഴച്ചുകൊണ്ടുനടക്കുന്നു. ഹസ്റത്ത് മസീഹ് മൗഊദ് (അ) മിന്റെ ജമാഅത്തിൽ നമ്മെ ഉൾപ്പെടുത്തിയതിന്ശേഷം ഈ നിലയാണോ നമുക്കു ഉണ്ടാകേണ്ടിയിരുന്നതെന്ന് ഇരു കക്ഷിയും ചിന്തിക്കേണ്ടതാണ്; അതല്ല ഐഹിക ആഡംബരങ്ങളെ നാം കൈവെടിയുകയാണോ ചെയ്യേണ്ടിയിരുന്നത്. ധനം സമ്പാദിക്കുകയെന്നത് കുറ്റകരമല്ല പക്ഷെ അതിനോടുള്ള അത്യാർത്തിയും അതിമോഹവും എപ്പോഴും അതിൽ ലയിച്ചിരിക്കലുമാണ് വിരോധമായിട്ടുള്ളത്. നമ്മളിൽ ഓരോരുത്തരും ഇതിനേക്കുറിച്ച് ചിന്തിക്കുകയാണെങ്കിൽ, അഹ്മദികളുടെ ഇടയിലെ സ്വത്തുക്കളും പണപരവുമായുള്ള എല്ലാ കലഹങ്ങളും അവസാനിക്കുന്നതാണ്.

മുസ്തൗരിദി (റ) വിൽ നിന്ന് നിവേദനം. നബി(സ) പറഞ്ഞു: പരലോകത്തെ അപേക്ഷിച്ച് ഇഹലോകത്തെ അവസ്ഥ നിങ്ങളിൽ ഒരാൾ അവന്റെ വിരൽ സമുദ്രത്തിൽ മുക്കിയെടുത്തതുപോലെയാണ്. അതിൽനിന്ന് അവൻ എന്തുമായി മടങ്ങിയെന്ന് അവൻ നോക്കട്ടെ. (മുസ്ലിം)

ഇതാണ് ഈ ദുനിയാവിന്റെ നില. ഈ ലോകത്ത് നാം ഓരോ വസ്തുവും അന്വേഷിച്ച് അലഞ്ഞുനടക്കുന്നു. പരലോകത്തെക്കുറിച്ച് ചിന്തിക്കുന്നതേയില്ല. താരതമ്യം ചെയ്യണമെങ്കിൽ നോക്കുക. അവസാനം രക്ഷയോ ശിക്ഷയോ ലഭിക്കേണ്ടതുണ്ട്. അതുവളരെ വിശാലമാണ്. അതിനെക്കുറിച്ച് മനുഷ്യന് എപ്പോഴും ചിന്ത ഉണ്ടായിരിക്കേണ്ടതാണ്. ദുനിയാവിന് ഒരു വിലയുമില്ല. സമുദ്രത്തിനെതിരിൽ ഒരു തുള്ളിവെള്ളത്തിന്റെ വിലപോലും ദുനിയാവിനില്ല. അതിന്റെ പിന്നാലെയാണ് നാം ഓടികൊണ്ടിരിക്കുന്നത്.

ഹസ്റത്ത് അംറ്ബിനു ആസ് (റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: എന്നോട് പടച്ചട്ടയണിഞ്ഞ് ആയുധമെടുത്ത് വരാൻ കല്പിച്ചുകൊണ്ട് നബി (സ) ആളെ അയച്ചു. അദ്ദേഹം പറയുന്നു. ഞാൻ ആയുധമെടുത്ത് നബിയുടെയടുക്കലെത്തിയപ്പോൾ അവിടന്ന് വുളു ചെയ്യുകയായിരുന്നു. അവിടന്ന് എന്നോട് പറഞ്ഞു: ഒരു യുദ്ധനടപടിക്കുവേണ്ടി അയയ്ക്കാനാണ് ഞാൻ താങ്കളെ വിളിപ്പിച്ചത്. ഈ യുദ്ധത്തിനുശേഷം അല്ലാഹു താങ്കളെ സുഖമായി തിരിച്ചുകൊണ്ടുവരും. യുദ്ധമുതൽ തരികയും ചെയ്യും. ഞാൻ താങ്കൾക്ക് ധനത്തിന്റെ ഒരളവ് സമ്മാനമായി നൽകുന്നതാണ്. അദ്ദേഹം പറയുന്നു. ഞാൻ നബി (സ) യോട് പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, ധനം സമ്പാദിക്കുന്നതിന് വേണ്ടിയല്ല ഞാൻ ഹിജ്റ ചെയ്തത്. എന്റെ ഹിജ്റത്ത് അല്ലാഹുവിനും അവന്റെ റസൂലിനും വേണ്ടിയാണ്. അതുകേട്ടപ്പോൾ നബി (സ) പറഞ്ഞു. നല്ല സമ്പത്ത് നല്ല ആളുകൾക്ക് വളരെ നല്ല കാര്യമാണ്.

നല്ല ധനം കിട്ടുമ്പോൾ അതു നിഷേധിക്കാതിരിക്കേണ്ടതാണ്. നല്ല ധനം വാങ്ങുന്നതിൽ നിന്ന് അല്ലാഹു തടഞ്ഞിട്ടില്ല. നല്ല ധനവാനെങ്കിൽ, നല്ല ഉദ്ദേശ്യങ്ങൾക്ക് വേണ്ടി ചിലവഴിക്കുന്ന ധനവാനെങ്കിൽ, അത് സ്വീകരിക്കുന്നതിൽ ഒരു ദോഷവുമില്ല. തിന്മ എന്നുപറയുന്നത് അല്ലാഹുവിനെ മറന്നുകൊണ്ട് ധനത്തോട് അത്യാർത്തിയും അതിമോഹവും കാണിക്കലും അതിന്റെ പിന്നാലെ പോകലും ആണ്.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി (സ) പറഞ്ഞു: ഐഹികാഢംബരങ്ങളെ കൈവെടിയുകയും കുറച്ചുമാത്രം സംസാരിക്കുകയും ചെയ്യുന്ന വ്യക്തിയെ നിങ്ങൾ കണ്ടാൽ അയാളുടെ മജ്ലിസിൽ ഇരിക്കുക. കാരണം അത്തരം വ്യക്തി 'ഹിക്മത്തായ' കാര്യങ്ങളായിരിക്കും പറയുന്നത്.

അല്ലാഹു തആല അത്തരത്തിലുള്ള നിരവധിയാളുകളെ ജമാഅത്തിൽ സൃഷ്ടിക്കുമാറാകട്ടെ.

അബൂഹുറൈറ (റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി പറഞ്ഞു: കവികളുടെ വാക്കുകളിൽ ഏറ്റവും സത്യസന്ധമായത് അല്ലാഹു ഒഴികെയുള്ള സർവ്വതും നഷ്ടപ്പെട്ട് പോകുമെന്നറിയിക്കുന്ന ലബീദിന്റെ കവിതാശകലമാണ്. (ബു. മു)

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. ഒരാൾ നബിയുടെയടുക്കൽ വന്നുപറഞ്ഞു: വളരെ ചുരുങ്ങിയതും എന്നാൽ എല്ലാം അടങ്ങിയതുമായ ഉപദേശം എനിക്കു തന്നാലും. നബി (സ) പറഞ്ഞു:

നീ നമസ്കാരത്തിനായി നില്ക്കുമ്പോൾ, ഇഹലോകം വിട്ടുപോകാൻ പോകുന്നവനെപോലെ നമസ്കരിക്കുക. ഖിയാമത്ത് നാളിൽ ചോദിക്കപ്പെടുമ്പോൾ മറുപടിയായി ഒന്നും പറയാൻ കഴിയാത്തവിധമുള്ള കാര്യങ്ങൾ സംസാരിക്കാതിരിക്കുക. ജനങ്ങളുടെ പക്കലുള്ള ധനത്തിൽ നിന്നും സ്വത്തുക്കളിൽ നിന്നും നീ തികച്ചും പിന്മാറുക.

ഇവിടെ ആദ്യം പറഞ്ഞത്, കുറച്ചുകഴിഞ്ഞാൽ ഇഹലോകം വെടിഞ്ഞ് പോകേണ്ടവനാണെന്ന ചിന്തയോടെ നമസ്കരിക്കുക എന്നാണ്. ഇഹലോകം വെടിയുമ്പോഴുണ്ടാകുന്ന ഭയം നിമിത്തം വലിയ വലിയ അക്രമികൾ പോലും വിനയം കാണിക്കാറുണ്ട്.

ഹസ്റത്ത് ഉമർ (റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി തന്റെ ഭാര്യമാരിൽ നിന്ന് ഒരു മാസം വേറിട്ട് വീടിന്റെ മേൽത്തട്ടിൽ താമസിച്ചപ്പോൾ ഞാൻ നബിയെ കാണാൻ ചെന്നു. എന്താണ് ഞാൻ കണ്ടത്. നബി (സ) ഒരു പായിൽ കിടക്കുന്നു. അതിൽ വിരിപ്പോ മറ്റോ ഒന്നും ഉണ്ടായിരുന്നില്ല. പായിലെ അടയാളം നബിയുടെ ശരീരത്തിൽ കണ്ടു. ഒരു തലയിണ ഉണ്ടായിരുന്നു. അതിനുള്ളിൽ ഈത്തപ്പന ഓല നിറച്ചിരുന്നു. മുറിയിലെ മറ്റു ഭാഗങ്ങളും ഞാൻ നോക്കി അവിടെ മൂന്ന് തോൽ കഷ്ണമല്ലാതെ ഒന്നുമുണ്ടായിരുന്നില്ല. ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, അങ്ങ് ദുആ ചെയ്താലും അല്ലാഹു അങ്ങയുടെ ഉമ്മത്തിന് സമ്പൽസമൃദ്ധി നല്കുമാറാകട്ടെ. ഇറാനികൾക്കും റോമക്കാർക്കും എത്ര സമ്പത്താണ് നല്കപ്പെട്ടിരിക്കുന്നത്. വാസ്തവത്തിൽ അവർ അല്ലാഹുവിനെ ആരാധിക്കുന്നത് പോലുമില്ല. നബി (സ) എഴുന്നേറ്റിരുന്നുകൊണ്ട് പറഞ്ഞു: ഉമറേ, നിങ്ങളും ഇതു വിചാരിച്ചിരിക്കുകയാണോ ഇക്കൂട്ടർക്ക് നല്ലവസ്തുക്കൾ ഈ ലോകത്ത് അല്ലാഹു നല്കിയിരിക്കുന്നു സത്യവിശ്വാസികൾക്ക് അടുത്ത ലോകത്ത് ലഭിക്കുന്നതാണ്.

ഇതിന്റെ അർത്ഥം നബി (സ) തിരുമേനി ഈ ലോകത്ത് ധനസമ്പാദനം തികച്ചും നിരോധിച്ചുവെന്നല്ല. ഒരു കാഫിർ തനിക്ക് സമ്പത്ത് കിട്ടുന്നതുവരെ ബൈഅത്ത് ചെയ്തിരുന്നില്ല എന്ന വേറൊരു നിവേദനവും ഉണ്ട്. രണ്ടു താഴ്വരകൾക്കിടയിൽ അയാൾ നബി (സ) തിരുമേനിയുടെ ഒരു ആട്ടിൻ പറ്റത്തെ കണ്ടു. അയാൾക്കത് വളരെ ഇഷ്ടപ്പെട്ടു താങ്കൾക്കിത് ഇഷ്ടമാണോ എന്ന് നബി (സ) അയാളോട് ചോദിച്ചു. ഇഷ്ടമാണെന്ന് അയാൾ പറഞ്ഞപ്പോൾ നബി (സ) അത് മുഴുവൻ അയാൾക്ക് കൊടുത്തു. ഇതിന്റെ അർത്ഥം നബി (സ) തിരുമേനിക്ക് സ്വത്തുക്കളും തോട്ടങ്ങളും ആട്ടിൻപറ്റങ്ങളും ഉണ്ടായിരുന്നുവെന്നാണ്. പക്ഷെ, അവിടന്ന് അവയാണ് തന്റേതെല്ലാം എന്നു കരുതിയില്ല. അല്ലാഹുവിലായിരുന്നു നബി (സ) യ്ക്ക് പൂർണ്ണവിശ്വാസം. അതെപ്പോഴും നബി (സ) പ്രകടിപ്പിച്ചുകൊണ്ടിരുന്നു. നമ്മളിൽ നിന്നും പ്രതീക്ഷിക്കുന്നത് അതുതന്നെയാണ്. നമ്മുടെയുള്ളിലും ആ ഈമാനും ദൃഢവിശ്വാസവും ഉണ്ടാകുമാറാകട്ടെ.

ഹസ്റത്ത് അംറുബ്നു ഔഫ് (റ) വിൽ നിന്ന് നിവേദനം. ഒരവസരത്തിൽ നബി (സ) അബൂഉബയ്ദ (റ) വിനെ നികുതി പിരിക്കുവാൻ വേണ്ടി ബഹ്റയ്നിലേക്ക് നിയോഗിച്ചയച്ചു. അങ്ങനെ അദ്ദേഹം ബഹ്റയ്നിൽ നിന്ന് കുറേ ധനവുമായി തിരിച്ചെത്തി. അബൂഉബയ്ദ (റ) വിന്റെ തിരിച്ചു വരവ് അൻസാറുകൾ കേട്ടറിഞ്ഞപ്പോൾ നബി (സ) യോടൊപ്പം അൻസാറുകൾ സുബഹി നമസ്കാരത്തിന് പങ്കെടുത്തു. നബി (സ) നമസ്കാരം കഴിഞ്ഞുപോയപ്പോൾ അവരൊക്കെ അങ്ങയുടെ അടുത്ത് പ്രത്യക്ഷപ്പെട്ടു. നബി (സ) അവരെ കണ്ടപ്പോൾ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു: ബഹ്റയ്നിൽ നിന്ന്, അബൂഉബയ്ദത്ത് (റ) എന്തോ കൊണ്ടുവന്നിരിക്കുന്നുവെന്ന് നിങ്ങൾ കേട്ടിരിക്കുമല്ലോ? എന്നു ഞാൻ വിചാരിക്കുന്നു. അവർ പറഞ്ഞു: അതെ, അല്ലാഹുവിന്റെ റസൂലേ. നബി (സ) പറഞ്ഞു: നിങ്ങൾ സന്തോഷിക്കുകയും നിങ്ങളെ ആഹ്ലാദിപ്പിക്കുന്ന കാര്യങ്ങൾ ആഗ്രഹിക്കുകയും ചെയ്യുക. അല്ലാഹുവാണെ, ദാരിദ്ര്യം നിങ്ങളിൽ ഞാൻ ഭയപ്പെടുന്നില്ല. പക്ഷെ, നിങ്ങളുടെ മുൻഗാമികൾക്ക് ക്ഷേമകരമായ ജീവിതം നല്കപ്പെട്ടതുപോലെ നിങ്ങൾക്കും ക്ഷേമവും സമ്പൽസമൃദ്ധിയും നല്കപ്പെടുന്നതാണ് ഞാൻ ഭയക്കുന്നത്. അപ്പോൾ അവർ അത് അമൂല്യമായി കണക്കാക്കിയതുപോലെ നിങ്ങളും അതിൽ ജാഗരൂഗരായിത്തീരും അങ്ങനെ അവരെ നശിപ്പിച്ചതുപോലെ നിങ്ങളെയും അത് നശിപ്പിക്കും. (ബുഖാരി മുസ്‌ലിം)

അല്ലാഹു ഈ നാശത്തിൽ നിന്ന് നമ്മെരക്ഷിക്കുമാറാകട്ടെ. അവന്റെ തൃപ്തിയുടെ മാർഗ്ഗത്തിൽ നടത്തുമാറാകട്ടെ.

ഖാലിദ് ബിൻ ഉമയർ അദ്‌വി നിവേദനം ചെയ്യുന്നു. ഉത്ബ ബിൻ ഗസ്‌വാൻ (റ) ബസ്റയിലെ ഗവർണ്ണറെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു. ഞാൻ എന്നോടൊപ്പം നബി (സ) യെ കണ്ട അവസ്ഥ എന്താണെന്നുവച്ചാൽ, ഞാൻ ഏഴാമത്തെ ആളായിരുന്നു. നൂറുപേർ വേറെയുമുണ്ടായിരുന്നു. കരുവേല മരത്തിന്റെ ഇലയല്ലാതെ മറ്റൊന്നും ഞങ്ങൾക്ക് തിന്നാൻ ഉണ്ടായിരുന്നില്ല. ഈ ഇലകൾ തിന്ന കാരണത്താൽ ഞങ്ങളുടെ മുഖത്ത് പൊള്ളം പൊന്തിയിരുന്നു. വസ്ത്രം എത്രകുറച്ചാണ് ഉണ്ടായിരുന്നത് എന്നാൽ, ഒരു ചാദ്ദർ എനിക്ക് കിട്ടിയപ്പോൾ ഞാൻ അത് രണ്ടായി കീറി. പകുതി സഅ്ദ് ബിൻ മാലിക്കും പകുതി ഞാനും ഉടുത്തു. എന്നാൽ, ഇന്ന് ഞങ്ങളിൽ ഏഴുപേരിൽ ഓരോരുത്തരും ഓരോ സ്ഥലത്തെ ഗവർണ്ണർമാരാണ്. എന്നാൽ ഞാൻ ഈ സ്ഥാനത്തിരിക്കുന്നതുകൊണ്ട് എന്നെ വലിയവനായി കാണുന്നതിൽ നിന്ന് അല്ലാഹുവിനോട് അഭയം തേടുന്നു. അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഫഖീറായിരിക്കാനാണ് ഞാൻ ഇഷ്ടപ്പെടുന്നത്. അതായത് അല്ലാഹുവിനോടുള്ള ഭയം എന്റെ മനസ്സിൽ നിലനിൽക്കണം.

ആദ്യത്തെ അവസ്ഥയെ ആരും മറക്കാൻ

പാടില്ല. പുത്തൻ പണക്കാരെ പോലെ ആകരുത്. അവർ തങ്ങളുടെ ബന്ധുമിത്രാദികളെ മറന്നുപോകുന്നു. അവർ വന്നപ്പോൾ വാതിൽ അടച്ചുകളയുന്നു. അവരോട് സംസാരിക്കുന്നതുപോലും ഇഷ്ടപ്പെടുന്നില്ല. സാധുക്കളായ ബന്ധുമിത്രാദികളോട് നല്ല രീതിയിൽ പെരുമാറാൻ എപ്പോഴും ശ്രദ്ധിക്കേണ്ടതാണ്. അവരെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യണം. അവർ വീട്ടിൽ വന്നാൽ നല്ല രീതിയിൽ സൽക്കരിക്കേണ്ടതാണ്.

അബൂഹുറയ്റ (റ) പറയുന്നു. അദ്ദേഹം ഖത്താനിലെ രണ്ടു നേർമയുള്ള വസ്ത്രം അണിഞ്ഞിരുന്നു. (ഇത് വളരെ ഉയർന്ന വസ്ത്രമാണ്.) അതിലൊന്നുകൊണ്ട് മൂക്ക് വൃത്തിയാക്കിക്കൊണ്ട് പറഞ്ഞു: വാഹ്, വാഹ്, അബൂഹുറയ്റ! നീ ഖത്താനിലെ തുണികൊണ്ട് മൂക്ക് വൃത്തിയാക്കുന്നുവോ! ഇതിനുമുമ്പേ ഞാൻ വിശപ്പുകൊണ്ട് ബോധം കെട്ടു വീണ സന്ദർഭം ഉണ്ടായിട്ടുണ്ട്. ആ അവസ്ഥയിൽ ഹസ്റത്ത് നബി (സ) യുടെ മിമ്പറിനും ആയിശ (റ) യുടെ മുറിക്കുമിടയിൽ ജനങ്ങൾ എന്നെ വലിച്ചുകൊണ്ട് നടന്നു. ജനങ്ങൾ എന്റെ കഴുത്തിനുമേൽ കാലും വെക്കാറുണ്ടായിരുന്നു. (എനിക്ക് ബുദ്ധിഭ്രമം ഉണ്ടായിയെന്ന് കരുതിയാണ് അവർ അങ്ങനെ ചെയ്തത്). വാസ്തവത്തിൽ ഇത് വിശപ്പുകൊണ്ടായിരുന്നു.

അഹങ്കാരം വന്നതുകൊണ്ട് വിശന്നിരിക്കേണ്ടിവന്നുവെന്നോ ധനത്തിന്റെ ആധിക്യം കൊണ്ട് പൊങ്ങച്ചം ഉണ്ടായിയെന്നോ അല്ല. മറിച്ച് ഐഹികാഡംബരങ്ങളോടുള്ള അതൃപ്തിയുടെ പ്രകടമായിരുന്നു. സ്വാത്മപരിത്യാഗമായിരുന്നു. എപ്പോഴും ദൃഷ്ടി അല്ലാഹുവിന്റെ കല്പനകളിലും അതുപാലിക്കുന്നതിലുമായിരുന്നു. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിലായിരുന്നു. അല്ലാതെ ദുനിയാവിലെ ഐശ്വര്യങ്ങളിലേക്കായിരുന്നില്ല. ഒരു ലൗകികന് അതു ഉയർന്ന വസ്തുവായിരിക്കും. പക്ഷെ അല്ലാഹുവിന്റെ ഒരാൾക്ക് അതൊന്നുമല്ല.

ഹസ്റത്ത് വഹബ് (റ) പറയുന്നു. നബി (സ) തിരുമേനി ഹസ്റത്ത് സൽമാനേയും ഹസ്റത്ത് അബൂദർദായേയും സഹോദരന്മാരാക്കി. ഹസ്റത്ത് സൽമാൻ ഹസ്റത്ത് അബൂദർദായെ കാണാൻ വന്നു. അബൂദർദയുടെ ഭാര്യ അലക്ഷ്യമായി വസ്ത്രം ഉടുത്തിരിക്കുന്നതു കണ്ടു. എന്താണിതിന് കാരണം എന്ന് സൽമാൻ (റ) ചോദിച്ചു. ആ സ്ത്രീ പറഞ്ഞു നിന്റെ സഹോദരൻ അബൂദർദക്ക് ഈ ലോകം ആവശ്യമില്ല. അദ്ദേഹം ഐഹികജീവിതത്തെ ഇഷ്ടപ്പെടുന്നില്ല. അപ്പോൾ ഹസ്റത്ത് അബൂദർദായും വന്നു. അദ്ദേഹം സൽമാനുവേണ്ടി ഭക്ഷണം പാകം ചെയ്യിച്ചു. സൽമാനോട് കഴിക്കാൻ പറഞ്ഞു. താൻ നോമ്പ് പിടിച്ചിരിക്കുകയാണെന്ന് അറിയിച്ചു. താങ്കൾ കഴിക്കാത്തിടത്തോളം ഞാനും കഴിക്കുകയില്ലെന്ന് സൽമാൻ പറഞ്ഞു. അങ്ങനെ അദ്ദേഹം നോമ്പ് തുറന്നു. (നഫ്‌ലീ നോമ്പായിരിക്കും നോറ്റിരുന്നത്). രാത്രിയിൽ അബൂദർദ നമസ്കാരത്തിനായി എഴുന്നേറ്റപ്പോൾ, സൽമാൻ അദ്ദേഹത്തോടു ഉറങ്ങിക്കൊള്ളാൻ പറഞ്ഞു. അദ്ദേഹം ഉറങ്ങി. വീണ്ടും നമസ്കാരത്തിനായി എഴുന്നേറ്റപ്പോൾ ഉറങ്ങിക്കൊള്ളാൻ സൽമാൻ പറഞ്ഞു. രാത്രിയുടെ അവസാനയാമം വന്നപ്പോൾ സൽമാൻ അബൂദർദായെ വിളിച്ചു. അങ്ങനെ രണ്ടുപേരും നമസ്കരിച്ചു. പിന്നീട് സൽമാൻ പറഞ്ഞു: ഏ അബൂദർദാ! നിങ്ങളുടെ ബന്ധുമിത്രാദികൾക്ക് നിങ്ങളിൽ അവകാശമുണ്ട്. നിങ്ങളിൽ നിങ്ങളുടെ ഭാര്യയ്ക്ക് അവകാശമുണ്ട്, നിങ്ങളുടെ ആത്മാവിന് നിങ്ങളിൽ അവകാശമുണ്ട്.

ഇതിനുശേഷം അബൂദർദാ നബി (സ) യുടെയടുക്കൽ വന്നു. ഈ സംഭവം നബി (സ) യോടു പറഞ്ഞു. നബി (സ) പറഞ്ഞു. സൽമാൻ ചെയ്തത് ശരിയാണ്.

ഐഹികമായ കടമകൾ മറന്നുകളയുക എന്നത് ദീനല്ല. അല്ലെങ്കിൽ ജോലി ഉപേക്ഷിച്ചുകളയുക എന്നതും ശരിയല്ല. ലൗകികമായ ജോലികളും ഒപ്പം ചെയ്യേണ്ടതാണ്. എന്നാൽ അത് മാത്രമായിരിക്കരുത് ലക്ഷ്യം. ഓരോരുത്തരോടുള്ള കടമ നിറവേറ്റേണ്ടതാണ്.

ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) പറയുന്നു. അല്ലാഹുവിൽ നിന്ന് വരുന്നവർ ദുനിയാവിനെ ഉപേക്ഷിക്കുന്നു. അതുകൊണ്ടുള്ള ഉദ്ദേശ്യം അവർ ദുനിയാവിനെ തങ്ങളുടെ ലക്ഷ്യമായ കരുതുന്നില്ല എന്നതാണ്. ദുനിയാവ് അവരുടെ സേവകനും അടിമയുമായിത്തീരുന്നു. ഇതിനെതിരിൽ ആരാണോ ദുനിയാവിനെ ലക്ഷ്യമാക്കുന്നത് അവർ ദുനിയാവിനെ ഒരു പരിധിവരെ സമ്പാദിച്ചാൽ തന്നെയും അവസാനം നിന്ദ്യരായിത്തീരും.

വീണ്ടും അവിടന്ന് പറഞ്ഞു. ദുനിയാവിനു മേൽ പട്ടിയെപ്പോലെയും ഉറുമ്പിനെപ്പോലെയും കഴുകനെപ്പോലെയും ആരാണോ വീഴുന്നത്, ദുനിയാവിലെ സുഖം ആസ്വദിക്കുന്നത്, അവന് അല്ലാഹുവിന്റെ സാമിപ്യം കരസ്ഥമാക്കാനൊക്കുകയില്ല.

വീണ്ടും ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. ദുനിയാവിനോടുള്ള ആർത്തിയാൽ കുടുങ്ങിക്കിടക്കുകയും പരലോകത്തേക്ക് കണ്ണുയർത്തി നോക്കാതിരിക്കുകയും ചെയ്യുന്നവൻ എന്റെ ജമാഅത്തിൽ പെട്ടവനല്ല.

പറഞ്ഞു: ആത്മാർത്ഥതയും സത്യസന്ധതയും ഇല്ലാത്ത ബാഹ്യമായ നമസ്കാരവും നോമ്പും, ഒരു ഗുണഫലവും ഉൾക്കൊള്ളുന്നില്ല. യോഗിയും സന്യാസിയും പോലും തങ്ങളുടെതായ സ്ഥാനത്ത് വലിയ വലിയ തപസ്സുകൾ ചെയ്യാറുണ്ട്. അതുകൊണ്ട് ദുനിയാവിനെ പൂർണ്ണമായും മുറിച്ചു നീക്കാതിരിക്കേണ്ടതാണ്.

പറഞ്ഞു: അവരിൽ ചിലർ തങ്ങളുടെ കൈകൾ വരെ ഉണക്കിക്കളയാറുണ്ട്. അവർ വലിയ വലിയ ക്ലേശങ്ങൾ സഹിക്കുകയും പ്രയാസങ്ങ

ളിലും വിഷമങ്ങളിലും സ്വയം തങ്ങളെ അകപ്പെടുത്തുകയും ചെയ്യുന്നു. എന്നാൽ ഇതൊന്നും അവർക്ക് ഒരു പ്രകാശവും പ്രധാനം ചെയ്യുന്നില്ല. സമാധാനവും ശാന്തിയുമൊട്ട് അവർക്ക് ലഭിക്കുന്നുമില്ല. എന്നല്ല അവരുടെ ആന്തരീകാവസ്ഥ മോശമായി തീരുന്നു. അവർ ശാരീരികമായ തപസ്സാണ് ചെയ്യുന്നത്. അതിനു ഉള്ളുമായിട്ടുള്ള ബന്ധം വളരെ കുറച്ചേയുള്ളു. അവരുടെ ആത്മീയതക്ക് അതിൽ നിന്ന് ഒരു ഗുണവും ഉണ്ടാകുന്നില്ല.

അതുകൊണ്ട്, ഭൗതികമായ അനുഗ്രഹങ്ങളിൽ നിന്ന് ഫലമെടുക്കേണ്ടതാണ്. അതിനോടൊപ്പം അല്ലാഹുവിനെ ഭയക്കുകയും അവന്റെ സന്നിധിയിൽ കുനിയുകയും ചെയ്യേണ്ടതുമാണ്. ഇതെപ്പോഴും മുന്നിലുണ്ടായിരിക്കണം.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: മുസ്‌ലിംകൾ അലസന്മാരായിത്തീരുക എന്നതല്ല എന്റെ ഉദ്ദേശ്യം. ഇസ്‌ലാം ആരെയും അലസരാക്കുന്നില്ല. നിങ്ങളുടെ കച്ചവടങ്ങളിലും ഉദ്യോഗങ്ങളിലും നിങ്ങൾ മുഴുകേണ്ടതാണ്. എന്നാൽ, അല്ലാഹുവിന് വേണ്ടി സമയം കണ്ടെത്താത്തതിനെ ഞാൻ ഇഷ്ടപ്പെടുന്നില്ല. കച്ചവടത്തിന്റെ നേരത്ത് കച്ചവടം ചെയ്യുക. എപ്പോഴും അല്ലാഹുവിനോടുള്ള ഭയം ഉണ്ടായിരിക്കണം. ആ കച്ചവടവും അവരുടെ ഇബാദത്തിന്റെ നിറം പിടിക്കുന്നതിന് വേണ്ടി, നമസ്കാരത്തിന്റെ സമയത്ത് നമസ്കാരം ഒഴിവാക്കരുത്. ഓരോ കാര്യത്തിലും അതെന്തായാലും ദീനിനെ മുന്തിക്കുക. ദുനിയാവായിരിക്കരുത് നിങ്ങളുടെ യഥാർത്ഥ ലക്ഷ്യം. യഥാർത്ഥ ലക്ഷ്യം ദീനായിരിക്കണം. പിന്നീട് ഐഹികമായ കർമ്മവും ദീനിന്റേതായിത്തീരുന്നതാണ്. സ്വഹാബത്തിനെ നോക്കുക. അവർ അങ്ങേയറ്റം കഠിനമായ സമയത്തുപോലും അല്ലാഹുവിനെ വിട്ടില്ല. യുദ്ധത്തിന്റെ സമയം ഭയാനകമാണ്. അത് ഓർക്കുമ്പോൾ തന്നെ മനുഷ്യൻ ഭയന്നുപോകുന്നു. അത് കോപത്തിന്റെയും ദേഷ്യത്തിന്റെയും സമയമായിരിക്കും. എപ്പോഴും അവർ അല്ലാഹുവിനെ തൊട്ട് അശ്രദ്ധരായിരിക്കുകയില്ല. അശ്രദ്ധരായിരുന്നിട്ടില്ല. നമസ്കാരം ഉപേക്ഷിച്ചില്ല. ദുആയോടുകൂടി പ്രവർത്തിച്ചു. നിർഭാഗ്യമെന്നു പറയട്ടെ മുസ്‌ലിംങ്ങളുടെ അഭിവൃദ്ധിക്കായി എല്ലായിടത്തും ശക്തി ചെലുത്തുകയും വലിയ വലിയ പ്രസംഗങ്ങൾ നടത്തുകയും സമ്മേളനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ മറന്നിട്ടുപോലും അല്ലാഹുവിനെ ഓർക്കുന്നതെയില്ല. അത്തരം അവസ്ഥയിൽ ഇവരുടെ പരിശ്രമം ഫലം കാണുമെന്ന് എങ്ങനെ പ്രതീക്ഷിക്കാനാണ്. അവരുടെതെല്ലാം ദുനിയാവിനു വേണ്ടിയാണ്. ഓർമ്മിച്ചു കൊള്ളുക. ലാ ഇലാഹ ഇല്ലല്ലാ ഹൃദയത്തിൽ പ്രവേശിക്കാത്തിടത്തോളം ഇസ്‌ലാമിന്റെ വെളിച്ചവും ഭരണവും ശരീരത്തിന്റെ ഓരോ തരിയുടെമേൽ ഉണ്ടാകാത്തിടത്തോളം അഭിവൃദ്ധി ഒരിക്കലും ഉണ്ടാവുകയില്ല.

ദുനിയാവിലെ പ്രവൃത്തി ഒരാളും ഇതേവരെ പൂർത്തിയാക്കിയിട്ടില്ല. പൂർത്തിയാക്കുകയുമില്ല. താനെന്തിനാണ് ലോകത്ത് വന്നതെന്നും എന്തിന് വേണ്ടി ഇവിടെന്ന് പോകണമെന്നും ലൗകികന് മനസ്സിലാകുകയില്ല. അല്ലാഹു മനസ്സിലാക്കിക്കൊടുക്കുന്നില്ലെങ്കിൽ പിന്നാരാണ് മനസ്സിലാക്കിക്കൊടുക്കാനുള്ളത്. ദുനിയാവിലെ പ്രവൃത്തി ചെയ്യുക പാപമല്ല. എന്നാൽ ദീനിനെ മുന്തിക്കുന്നവനും, വൃത്തികെട്ട ഈ ലോകത്തിലെ വിജയത്തിനുവേണ്ടി രാപ്പകൽ ചിന്തിക്കുകയും, കട്ടിലിൽ കിടന്നാലും ആലോചനയിൽ മുഴുകുകയും അതിൽ പരാജയപ്പെടുമ്പോൾ കഠിനമായി വിഷമിക്കുകയും ചെയ്യുന്ന ലൗകികനെപ്പോലെ ദീനീകാര്യത്തിലും മുഴുകിയിരിക്കുന്നവനുമാണ് മുഅ്മിൻ. ദുനിയാവിനെ പ്രേമിക്കുക വലിയ വഞ്ചനയാണ്. മരണം എപ്പോഴാണ് വരുന്നതെന്നറിയില്ല.

അല്ലാഹു തആല തന്റെ തൃപ്തിയുടെ മാർഗത്തിൽ നമ്മെ നടത്തികൊണ്ട് തന്റെ അനുഗ്രഹങ്ങൾ നമുക്ക് നല്കുമാറാകട്ടെ. ദുനിയാവിന്റെ കീടമായിത്തീരുന്നതിൽനിന്ന് നമ്മെ രക്ഷിക്കുമാറാകട്ടെ. ആമീൻ.

---

JUMAKHUTHUBA
HADHRAT MIRZA MASROOR AHMAD
KHALIFATHUL MASIH - V
on 07 - 05 - 2004 at Baithul Futhuh, London

Translated by :
Moulavi. Muhammad Ismail. H.A

*Published by* : **Majlis Khuddamul Ahmadiyya, Kerala**